**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2189 — 05.12.2018 ൽ മറുപടിക്ക്

**കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരം നൽകുമോ; | (എ) & (ബി) | 2017-18 വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ കല്ലടിക്കോട്, മങ്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി. രോഗികൾക്കായി പ്രവർത്തിക്കുന്നുണ്ട്.<br><br>ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണം, സാംക്രമികരോഗ നിർമ്മാർജ്ജനം എന്നിവ ഉൾപ്പടെയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പവരുത്തുക എന്ന ലക്ഷ്യത്തോടെ ആരോഗ്യസേന രൂപീകരിക്കുകയും വിഷാദ രോഗത്തിനായി 'ആശ്വാസ് ക്ലിനിക്ക്' ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ചികിത്സിക്കാൻ 'ശ്വാസ് ക്ലിനിക്കുകൾ' എന്നിവ ഒരുക്കിയിട്ടുമുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോങ്ങാട് നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കാരാക്കുർശ്ശി, കേരളശ്ശേരി, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 203 സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും ആയത് നാഷണൽ ഹെൽത്ത് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിൽ കാഞ്ഞിരപ്പുഴ, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യത്തിനായി പ്ലാൻ ഫണ്ടിൽ നിന്ന് 7 കോടി രൂപ അനുവദിച്ച് ഇതിന്റെ തുടർപ്രവർത്തനങ്ങൾ KMSCL വഴി നടപ്പാക്കി വരുന്നു. |
| (ബി) | പുതുതായി ഏതെല്ലാം പദ്ധതികളാണ് കോങ്ങാട് മണ്ഡലത്തിൽ ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ